ഭരണഭാഷ-മാതൃഭാഷ

നം – ഡി.എസ്.ജെ.ഒ/ടി.എസ്.ആർ/ബി-3276/17

ജില്ലാ സാമൂഹ്യനീതി ഓഫീസ്, മിനി
സിവിൽ സ്റ്റേഷൻ, അയ്യന്തോൾ
തൃശ്ശൂർ-20. തിയതി : 04.08.2017

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
തൃശ്ശൂർ.

ശ്രീ കെ.ശ്രീജിത്ത്,
കല്ലൂർ വീട്,
പുന്നയൂർക്കുളം പി.ഒ
തൃശ്ശൂർ – 679561

സർ,

വിഷയം: ജില്ലാ സാമൂഹ്യനീതി ഓഫീസ്, തൃശ്ശൂർ- വിവരാവകാശനിയമം 2005- മറുപടി നൽകുന്നത്- സംബന്ധിച്ച്-

സൂചന : താങ്കളുടെ 28.07.2017ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

സൂചനപ്രകാരം ആവശ്യപ്പെട്ട ജില്ലയിലെ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.അപേക്ഷയിലെ ചോദ്യം നമ്പർ (2)ൽ ആവശ്യപ്പെട്ട ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളുടെ വിവരം നൽകുന്നതിനായി ഒരു പേജിന് രണ്ട് രൂപ നിരക്കിൽ ആറ് പേജുകൾക്ക് പന്ത്രണ്ട് രൂപ 0070-60-118-99 എന്ന ഹെഡിൽ ചലാൻ അടച്ച് ഒറിജിനൽ രശീത് ഹാജരാക്കേണ്ടതാണ്.

ഇതോടൊപ്പം നൽകുന്ന വിവരങ്ങൾ തൃപ്തികരമല്ലായെങ്കിൽ താഴെ കാണുന്ന വിലാസത്തിൽ അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കാവുന്നതാണ്.

വിലാസം
റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ്,
സിവിൽ സ്റ്റേഷൻ,കാക്കനാട്,
എറണാകുളം.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
തൃശ്ശൂർ.

## വിവരാവകാശം 2005 പ്രകാരം ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി

1) ഈ വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ www.swd.kerala.gov.in എന്ന വെബ് സൈറ്റിൽ ഓർഫനേജ് ലിങ്കിൽ ലഭ്യമാണ്.സ്ഥാപനം നടത്തുന്നവരുടെ പേര്,മേൽവിലാസം എന്നിവ സ്ഥാപനത്തിൽ നിന്നും നേരിട്ട് ശേഖരിക്കാവുന്നതാണ്.

2)സ്ഥാപനത്തിലെ അംഗങ്ങളുടെ എണ്ണം സാമൂഹ്യനീതി വകുപ്പിന്റെ www.swd.kerala.gov.in എന്ന വെബ് സൈറ്റിൽ ഓർഫനേജ് ലിങ്കിൽ ലഭ്യമാണ്.ഒരു അന്തേവാസിക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ആണ് ഗ്രാന്റ് നൽകി വരുന്നത്.

3) ജുവനൈൽ ആക്ടും മോഡൽ റൂൾസും സംബന്ധിക്കുന്ന വിവരങ്ങൾ www.sjd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

4)ടി വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ല.മറുപടിക്കായി ജില്ലാ ശിശുസംരക്ഷണ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.വിലാസം : DCPU,Civil Station, Ayyanthole, Thrissur.

5)ജില്ലയിൽ അനധികൃതമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും താഴെ പറയുന്നവയാണ്.

എ)സായിനികേതൻ ഓൾഡ് ഏജ് ഹോം,കൃഷ്ണപുരം,മുളങ്കുന്നത്ത് കാവ് പി.ഒ

ബി)കാരുണ്യവൃദ്ധസദനം,കിഴക്കുംമുറി പി.ഒ,പെരിഞ്ഞോട്ടുകര

സി)ഇരുനിലംകോട് അന്തേവാസി മന്ദിരം,ഇരുനിലംകോട് പി.ഒ,തൃശ്ശൂർ.

ഡി)മാതൃസദനം,മാനവസേവാ കേന്ദ്രം,സേവാഭാരതി,പറമ്പികുളങ്ങര,മേത്തല പി.ഒ, കൊടുങ്ങല്ലൂർ

ഇ)ഏയ്ഞ്ചൽ ആർച്ച്,പുത്തൻചിറ പി.ഒ,തൃശ്ശൂർ

സ്ഥാപനങ്ങളോട് ഒസിബി രജിസ്ട്രേഷൻ ഉൾപ്പെടെ മാനദണ്ഡപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതായി അറിയിക്കുന്നു.

6)അയ്യന്തോൾ ലയൺസ് ക്ലബ് നിർമ്മിച്ച കെട്ടിടത്തിൽ ഭിന്നശേഷിയുള്ളവർക്കായി സ്ഥാപനം തുടങ്ങിയിട്ടുണ്ടോ എന്നുള്ള വിവരം ഈ ഓഫീസിൽ നിലവിൽ ലഭ്യമല്ല.

7)വികലാംഗ/ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ www.swd.kerala.gov.in എന്ന വെബ്സൈറ്റിൽ ഓർഫനേജ് ലിങ്കിൽ ലഭ്യമാണ്.സാമൂഹ്യനീതി വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിൽ VTC പ്രവർത്തിക്കുന്നില്ല.

DISTRICT SOCIAL JUSTICE OFFICER
THRISSUR